©
കേരള സർക്കാർ
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 13<br>Vol. XIII | തിരുവനന്തപുരം,<br>ശനി<br>Thiruvananthapuram,<br>Saturday | 2024 നവംബർ 23<br>23rd November 2024<br>1200 വൃശ്ചികം 8<br>8th Vrischikam 1200<br>1946 അഗ്രഹായനം 2<br>2nd Agrahayana 1946 | നമ്പർ<br>No. 3732 |

കേരള സർക്കാർ

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

വിജ്ഞാപനം

**സ.ഉ. (അച്ചടി) നമ്പർ 59/2024/തസ്വഭവ.**
**എസ്. ആർ. ഒ. നമ്പർ 1068/2024**

*തിരുവനന്തപുരം, 2024, നവംബർ 11*
*1200 തുലാം 26*
*1946, കാർത്തികം 20.*

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 130 എ വകുപ്പ്, 565-ാം വകുപ്പിനോട് കൂട്ടിവായിച്ച പ്രകാരം നല്കപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനുമായി കൂടിയാലോചിച്ചതിനു ശേഷം 1995 ഫെബ്രുവരി 17-ാം തീയതിയിലെ സ.ഉ.(പി) 28/95/ത.ഭ.വ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നമ്പർ വിജ്ഞാപന പ്രകാരം പുറപ്പെടുവിച്ചതും 1995 ഫെബ്രുവരി 17–ാം തീയതിയിലെ 172–ാം നമ്പർ അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ 228/95 നമ്പരായി പ്രസിദ്ധീകരിച്ചതുമായ 1995–ലെ കേരള മുനിസിപ്പാലിറ്റി (തെരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്.–

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും.–(1) ഈ ചട്ടങ്ങൾക്ക് 2024–ലെ കേരള മുനിസിപ്പാലിറ്റി (തെരഞ്ഞെടുപ്പ് നടത്തിപ്പ്) ഭേദഗതി ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇവ ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. ചട്ടങ്ങൾക്കുള്ള ഭേദഗതി.–1995–ലെ കേരള മുനിസിപ്പാലിറ്റി (തെരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിൽ, ചട്ടം 24 എച്ച്-ൽ "ഒരു ബാലറ്റിംഗ് യൂണിറ്റും" എന്നീ വാക്കുകൾക്ക് പകരം "മെമ്മറി ചിപ്പും, ബാലറ്റ് യൂണിറ്റോ യൂണിറ്റുകളോ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. ഷർമിള മേരി ജോസഫ്,

ഗവണ്മെന്റ് *പ്രിൻസിപ്പൽ സെക്രട്ടറി.*

**വിശദീകരണക്കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

തെരഞ്ഞെടുപ്പുകളിൽ, നിർണ്ണയിക്കപ്പെടുന്ന പ്രകാരം വോട്ടിംഗ് യന്ത്രം ഉപയോഗിക്കുന്നതിനായി 2005–ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് (2005–ലെ 33) പ്രകാരം 1994–ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ (1994–ലെ 20) 130 എ എന്ന വകുപ്പ് ചേർക്കുകയുണ്ടായി. അതിനനുസൃതമായി 1995–ലെ കേരള മുനിസിപ്പാലിറ്റി (തെരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിൽ ചട്ടം 24 ബി ഉൾപ്പെടുത്തി ഭേദഗതി വരുത്തി 2000–ലെ എസ്. ആർ. ഒ. നം. 852/2000 പ്രകാരം വിജ്ഞാപനം ചെയ്തിരുന്നു. പ്രസ്തുത ചട്ടം 24 ബി, 24 എച്ച് ചട്ടമായി പുനരക്കം ചെയ്ത് എസ്.ആർ.ഒ. നം 839/2020 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. 1995–ലെ കേരള പഞ്ചായത്ത് രാജ് (തെരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 24 എച്ച്-മായി 1995–ലെ കേരള മുനിസിപ്പാലിറ്റി (തെരഞ്ഞെടുപ്പ് നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം–24 എച്ച്-ന് ഏകീകൃത സ്വഭാവം കൊണ്ടുവരുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2024.11.23 06:52:11 +05:30